[ശ്രീ. പി. പി. ഉമ്മർകോയ]

(ഈ) എട്ട്.

(എഫ്) എട്ടെണ്ണത്തിലും ഓവർബ്രിഡ്ജ് പണിയാൻ ഉദ്ദേശിക്കുന്നു.

(ജി) അങ്കമാലി ഓവർബ്രിഡ്ജിന്റെ പണി പൂർത്തിയായി. ഗതാഗതത്തിനു തുറന്നു കൊടുത്തു. കളമശ്ശേരി ഓവർബ്രിഡ്ജിന്റെ പണി ഭാഗികമായി പൂർത്തിയായി. എച്ച്. എം. ടി. യിലേക്കുള്ള അപ്രോച്ച് റോഡ് ഗതാഗതത്തിനു തുറന്നു കൊടുത്തു. എറണാകുളം ഭാഗത്തേയ്ക്കുള്ള അപ്രോച്ച് റോഡിന്റെ പണി പൂർത്തിയായി വരുന്നു.

ശ്രീ. ഈ. പി. ഗോപാലൻ : നാഷണൽ ഹൈവേയുടെ കൂട്ടത്തിൽ കന്യാകുമാരി മുതൽ ബോംബെ വരെയുള്ള വെസ്റ്റ് കോസ്റ്റ് റോഡ് ഉൾപ്പെടുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : നാഷണൽ ഹൈവേയിൽ വെസ്റ്റ് കോസ്റ്റ് റോഡ് ഉൾപ്പെടുകയില്ല.

ശ്രീ. കെ. ആർ. വിജയൻ : നാഷണൽഹൈവേയുടെ ഭാഗമായി വില്ലിംഗ്ടൺ ഐലണ്ടിൽ നടത്തേണ്ട പണിയുടെ സ്ഥാനനിർണ്ണയം ചെയ്യുകഴിഞ്ഞോ ?

ശ്രീ. പി. പി. ഉമ്മർകോയ : അതു നിർണ്ണയിച്ചു കഴിഞ്ഞില്ല.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: വെസ്റ്റ്കോസ്റ്റ് റോഡ് നാഷണൽ ഹൈവേയിൽ പെടുന്നില്ലെങ്കിൽ അതു പിന്നെ ഏതിൽപ്പെടും.

ശ്രീ. പി പി. ഉമ്മർകോയ : അതു പ്രത്യേകം ഒരു വർക്കാണു്, അതിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണു്.

ശ്രീമതി കെ. ആർ. ഗൗരി : പേത്തല താലൂക്കിൽ നാഷണൽ ഹൈവേയുടെ പണി തുടങ്ങുന്നതിനു് അതിന്റെ അലൈൻമെന്റു കഴിഞ്ഞിട്ടു് മൂന്നാലു കൊല്ലമായി. എന്നാൽ ഇതുവരെയും അതിന്റെ പണി തുടങ്ങിയിട്ടില്ല. അതിനുള്ള കാരണമെന്താണെന്നു പറയാമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അതിനു് ഇൻഡ്യാഗവണ്മെന്റിന്റെ അനുമതി കിട്ടണം.

ശ്രീ. എം. പി. ആൻറണി : ചിറ്റൂർ ഡിസ്ട്രിക്റ്റിൽ ചില ഭാഗങ്ങളിൽ നാഷണൽ ഹൈവേയുടെ പണി തുടങ്ങിയിട്ടില്ല. അതു തുടങ്ങുവാൻ നടപടി എടുക്കുമോ ?

മി. സ്പീക്കർ : നാഷണൽ ഹൈവേ സംബന്ധിച്ചു് അവിടവിടെയായിട്ടുള്ള കാര്യങ്ങളും ചോദിച്ചാൽ അതിനു മറുപടി പറയാൻ പ്രയാസമാണു്.

WRITTEN ANSWERS.

കൊലപാതകങ്ങളും.

* 461. [18] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963–64 വർഷത്തിൽ എത്ര കൊലപാതകങ്ങളും സ്റ്റേറ്റിൽ നടന്നതായി റിപ്പോർട്ടു ചെയ്തിട്ടുണ്ടു് ;

(ബി) ഇതിൽ എത്ര എണ്ണം തെളിവില്ലാതെ കിടപ്പുണ്ടു് ;

(സി) മൂവാറ്റുപുഴ താലൂക്കു് രാമമംഗലം വില്ലേജു് കീഴമുറി കരയിൽ എള്ളിൽ കുട്ടൻ രാഘവന്റെ മരണത്തെപ്പറ്റി, അതൊരു കൊലപാതകമാണെന്നു കാണിച്ചു് അയാളുടെ സഹോദരൻ ആനന്ദന്റെ പരാതി ലഭിച്ചുവോ

LIBRARY ARCHIVES Kerala Legislative Assembly

78588

(ഡി) അതിന്മേൽ എന്തു നടപടി എടുത്തിട്ടുണ്ട് ; ഈ കേസിലെ പ്രതികളെന്ന നിലയ്ക്ക് ആരെയെങ്കിലും അറസ്റ്റു ചെയ്തിട്ടുണ്ടോ ;

(ഈ) ഈ സംഭവത്തിന്റെ കാര്യത്തിൽ ഇപ്പോഴത്തെ നില യെന്താണ് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 1—4—1963 മുതൽ 15—1—1964 വരെ 157 കൊലപാതകങ്ങളും നടന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) രണ്ട്.

(സി) ഉണ്ട്.

(ഡി, ഇ) അന്വേഷണത്തിൽ കുട്ടൻ രാഘവൻ മുങ്ങി മരിച്ചതാണെന്നു ബോദ്ധ്യപ്പെട്ടു.

Electric connection.

* **462. [19] Shri K. M. George :** Will the Minister for Home Affairs be pleased to state :

(a) Is there any rule that besides giving minimum guarantee, either individually or collectively, prospective consumers should produce Solvency Certificates, to get electric connection ;

(b) Is this practice insisted in the case of industrial consumers;

(c) When was this rule or practice adopted by the Electricity Board ?

Chief Minister **(Shri R. Sankar):**

(a) Yes.

(b) Yes.

(c) This rule was introduced in 10/1957.

പോലീസ് ഡിപ്പാർട്ടുമെന്റിൽ Confirm ചെയ്യാത്ത സബ് ഇൻസ്പെക്ടർമാർ

* 463. [20] ശ്രീ. കെ. അവുക്കാദർകുട്ടിനഹ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ഡിപ്പാർട്ടുമെന്റിൽ ഇനിയും Confirm ചെയ്യാത്ത എത്ര സബ്ബ് ഇൻസ്പെക്ടർമാർ ഉണ്ട് ;

(ബി) ഇവരെ Confirm ചെയ്യാത്തതിനുള്ള കാരണമെന്ത് ;

(സി) ഇവർ എത്ര കൊല്ലമായി എസ്. ഐ. മാരായി ജോലി ചെയ്യുന്നു ;

(ഡി) ഇവരിൽ 1967—ൽ റിട്ടയർ ചെയ്യേണ്ടവരുണ്ടോ ; എത്ര ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) അൻപത്തഞ്ച്.

(ബി) സ്പ്ലീസ് സംയോജനം പൂർത്തിയാകാത്തതുകൊണ്ട്,

(സി) പതിനാലു കൊല്ലവും അതിനു താഴെയും.

(ഡി) 14 (പതിനാല്) പേർ.

LIBRARY ARCHIVES Kerala Legislative Assembly